പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2032 — 17.12.2012 - ൽ മറുപടിയ്ക്ക്

## വളപ്പട്ടണം എസ്.ഐ. -യെ സ്റ്റേഷനിൽ കയറി ഭീഷണിപ്പെടുത്തിയതിനെതിരെ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വളപ്പട്ടണം എസ്.ഐ. -യെ ഡ്യൂട്ടി സമയത്ത് ശ്രീ. കെ. സുധാകരൻ, എം.പി. സ്റ്റേഷനിൽ കയറി ഭീഷണിപ്പെടുത്തുകയും ഡ്യൂട്ടി തടസ്സപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1317/12 എന്ന കേസിലെ ഒന്നാം പ്രതിയായ കല്ലിക്കോടൻ രാജേഷിനെ പോലീസ് കസ്റ്റഡിയിൽ എടുത്തതിന്റെ പേരിൽ ടി ദിവസം 12.00 മണി സമയത്ത് ബഹുമാനപ്പെട്ട കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരൻ അവർകളുടെ നേതൃത്വത്തിൽ (1) പ്രമോദ്, (2) വി. കെ. രാഗേഷ്, (3) സജീവ് ജോസഫ്, (4) സുധീപ് ജയിംസ്, (5) ഷറഫുദ്ദീൻ, (6) സുരേഷ് ബാബു, എളയാവൂർ, (7) റിയാസ് അത്താഴക്കുന്ന്, (8) നൗഷാദ് തുടങ്ങി മറ്റ് കണ്ടാലറിയാവുന്ന 100 ഓളം പേർ ന്യായവിരോധമായി സംഘം ചേർന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് പൊതുനിരത്തിൽ കൂടി അതുവഴി പോകുന്ന വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മാർഗ തടസ്സം സൃഷ്ടിച്ചുകൊണ്ട് വളപട്ടണം പോലീസ് സ്റ്റേഷനിലേക്ക് പ്രകടനമായി വരികയും സ്റ്റേഷൻ ഗേറ്റിൽ വെച്ച് പ്രകടനം കോമ്പൗണ്ടിലേക്ക് പ്രവേശിക്കുകയും അതുവഴി പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവത്തിന്, മേൽപ്പറഞ്ഞ ആളുകളുടെ പേരിൽ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1318/12 u/s 143, 147, 283 r/w 149 IPC & Sec 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ശ്രീ. കെ. സുധാകരൻ, എം.പി. - യ്ക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദവിവരം നൽകുമോ; | (ബി) | ബഹുമാനപ്പെട്ട കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരനെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | രജിസ്റ്റർ ചെയ്യപ്പെട്ട കേസിന്റെയും എഫ്.ഐ.ആർ. -ന്റേയും വിശദ വിവരം നൽകുമോ? | (സി) | ഉത്തരം എ കണ്ടാലും. |

സെക്ഷൻ ഓഫീസർ